# ഇടുക്കി - കുടിയിരുത്തൽ ചരിത്രത്തിലെ സുവർണ്ണ ഏടുകളും, ചതികളും

ജില്ല രൂപീകൃതമായിട്ട് വെറും അൻപത് വർഷങ്ങൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു എങ്കിലും, ലോക ചരിത്രത്തിൽ തന്നെ സുഗന്ധപൂരിതമായ സ്ഥാനം വഹിക്കുന്ന ഭൂപ്രദേശങ്ങൾ ആണ് ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ. എന്നാൽ ഇന്ന് ആധുനിക കേരള സമൂഹത്തിന്റെ അവഗണനയ്ക്കും വഞ്ചനക്കും പാത്രമാവുകയാണ് ഈ പിന്നോക്ക ജില്ലയും, ഇതിലെ ജനങ്ങളും. ഈ സാഹചര്യത്തിൽ വിവിധ കാലഘട്ടങ്ങളിലായി പൊതുസമൂഹത്തിന്റെ നിലനില്പിനായും, കേരളത്തിന്റെ തന്നെ അഖണ്ഡത ഉറപ്പാക്കാനും ഈ ഭൂപ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലായി കുടിയിരുത്തപ്പെട്ട ജനങ്ങളോട് ചേർന്നുനിന്ന്, കുടിയിരുത്തലിന്റെ മനോഹരചരിത്രം കേരളസമൂഹത്തെ ഓർമ്മപ്പെടുത്തേണ്ടത് കിഫയുടെ കടമയാണ്.

കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം കേരളത്തിൻറെ ഭൂപ്രകൃതിയിലും ജീവിതരീതികളിലും വന്ന വ്യതിയാനങ്ങൾ ഇന്നു സജീവമായി ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളാണ്. എന്നാൽ അതോടൊപ്പം 3 കോടി 48 ലക്ഷത്തിൽ (ജനസാന്ദ്രത 859/SqKm) എത്തിനിൽക്കുന്ന നമ്മുടെ ജനസംഖ്യാ വർദ്ധനവ് എന്തുകൊണ്ടോ ചർച്ചചെയ്യപ്പെടുന്നില്ല. ഇന്ത്യ ഒരു സ്വതന്ത്ര റിപ്പബ്ലിക് ആയി പ്രഖ്യാപിക്കപ്പെടുമ്പോൾ (1950), കേരള സംസ്ഥാനത്തിന്റെ കീഴിലായ ഭൂപ്രദേശത്തെ ജനസംഖ്യ 1,35,49,118 (1.35 കോടി) ആയിരുന്നതാണ് ഇന്ന് 3.48 കോടിയിൽ എത്തിനിൽക്കുന്നത്.

ഇടുക്കി ജില്ല പോലെ വനത്തോട് ചേർന്നുകിടക്കുന്ന കാർഷിക മേഖലയിൽ നൂറ്റാണ്ടുകളായി കൈവശംവെച്ച് അനുഭവിച്ചുവരുന്ന കൈവശ ഭൂമികൾക്കുപോലും അവകാശ രേഖകൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. വിതരണം ചെയ്ത പട്ടയങ്ങളാകട്ടെ വ്യാജമെന്നു മുദ്രകുത്തി റദ്ദ് ചെയ്യാനും ശ്രമിക്കുന്നു. കൂടാതെ, 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗത്തി വരുത്തി, പട്ടയ ഭൂമിയിലെ നിയന്ത്രണങ്ങൾ നീക്കും എന്ന് പറഞ്ഞെങ്കിലും അതിന്റെ പിന്നിലും വലിയ ചതിയാണെന്ന് ജില്ലയിലെ കുടിയേറ്റ കർഷകർ തിരിച്ചറിഞ്ഞ് കഴിഞ്ഞു.

നിലനിൽപ്പിനായി പാടുപെടുന്ന അടിസ്ഥാന വർഗ്ഗത്തോട്, "കടക്ക് പുറത്ത് " എന്ന് പറയാതെ പറഞ്ഞ പദ്ധതിയാണ് 2018-ലെ പ്രളയത്തിൽ തകന്നുപോയ കേരളത്തെ പുനർനിർമ്മിക്കാൻ സർക്കാർ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന Re-Build Kerala Initiative എന്ന പദ്ധതി. കർഷകന്റെ കൂടി നികുതിപ്പണം ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയിൽ, വനം വകുപ്പിന് 800 കോടി 2019-20 സാമ്പത്തികവർഷം അനുവദിച്ചു. കർഷകസമൂഹം അപ്പനപ്പൂപ്പന്മാർ മുതലിങ്ങോട്ട് പാരമ്പര്യമായി അനുഭവിച്ചുപോരുന്ന അഞ്ച് ഏക്കർ വരെയുള്ള പട്ടയഭൂമിക്ക് ആകെ വില നിശ്ചയിച്ചിരിക്കുന്നത് പതിനഞ്ച് ലക്ഷം.

വ്യവസ്ഥാപിതമായ ഒരു ഭരണഘടനയും, ഫെയർ കോമ്പൻസേഷൻ ആക്ടും നിലനിൽക്കുന്ന ഒരു ജനാധിപത്യ സംവിധാനത്തിലാണ് ഇത്തരമൊരു നീക്കമെന്നോർക്കണം. ഈ പദ്ധതിക്ക് അംഗീകാരം കൊടുത്ത മുഖ്യമന്ത്രിയുടെ, വെറും 12 ലിറ്റർ പാൽ ലഭിക്കുന്ന പശുതൊഴുത്ത് മെയിന്റനൻസിന് 42 ലക്ഷം രൂപയാണ് അനുവദിച്ചതെന്ന് കൂടി ഇതോടൊപ്പം ചേർത്ത് വായിക്കണം.

ഏറ്റവും കൂടുതൽ കൈയേറ്റങ്ങൾ നടന്നുവെന്ന് ആരോപിക്കപ്പെടുന്ന ഇടുക്കി ജില്ല, 1972 - ൽ രൂപീകൃതമാകുമ്പോൾ, ആകെ ജനസംഖ്യ (തോട്ടം മേഖലയിലെ തമിഴ് വംശജർ ഉൾപ്പെടെ) ഒരുലക്ഷത്തിനടുത്തേ ഉണ്ടായിരുന്നുള്ളു. ഇന്നത് 12 ലക്ഷത്തിൽ എത്തിനിൽക്കുമ്പോളും, വനവിസ്തൃതിയിൽ കുറവ് വന്നിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ് (Forest Survey of India Report - 2019).

സംസ്ഥാനം രൂപീകൃതമായതിനു ശേഷം 1959 ൽ പുറത്തുവന്ന ആദ്യത്തെ Economic Review പ്രകാരം സംസ്ഥാനത്തെ ആകെ വനവിസ്തൃതി 25.8 % (1955-56) ആയിരുന്നത് ഇപ്പോൾ 29.6 % ൽ എത്തി നിൽക്കുന്നു. 29.6 % (2019) എന്നതാണ് ഔദ്യോഗിക കണക്കെങ്കിലും, 33 %-ൽ എത്തിയെന്നതാണ് അനൗദ്യോഗികമായി ലഭിക്കുന്ന വിവരം. വൃക്ഷാവാരണ വിസ്തൃതിയും കൂടിയാകുമ്പോൾ ആകെ ഹരിതാവരണം 54 % ഉം പിന്നിട്ടു.

1901 മുതൽ 1981-വരെ കാലയളവിൽ, സർക്കാർ ഇൻസെൻറ്റീവുകൾ കൊടുത്ത് ഇടുക്കി മേഖലയിലേക്ക് ജനങ്ങളെ കുടിയിരിക്കാൻ പ്രോത്സാഹിപ്പിച്ചപ്പോൾ, അവിടുത്തെ ജനസംഖ്യയിൽ 27 ഇരട്ടിയാണ് വർദ്ധനവുണ്ടായത്. വനവിസ്തൃതി കുറയാതെ സംരക്ഷിക്കപ്പെടുമ്പോൾ, വർധിച്ചു വരുന്ന മനുഷ്യ-ആവാസ വ്യവസ്ഥക്ക് ആവശ്യമായ സ്ഥലം അധികാരികൾ എവിടെയാണ് കണ്ടെത്തിയിരിക്കുന്നത് എന്ന ചോദ്യം ഈ അവസരത്തിൽ വളരെ പ്രസക്തമാണ്. പ്രകൃതിയോടൊപ്പം തന്നെ, മനുഷ്യനെയും സംരക്ഷിച്ചു നിർത്താനുള്ള ഉത്തരവാദിത്വം, ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്നുള്ള ചോദ്യത്തിനും ഭരണകൂടത്തിന് ഉത്തരമില്ല.

ഈ പ്രതിസന്ധികളുടെയെല്ലാം നടുവിൽ, കേരളത്തിൽ വന്യജീവി സങ്കേതങ്ങളും, ദേശീയ ഉദ്യാനങ്ങളുമായി ഇരുപത്തി മൂന്ന് എണ്ണം ഉള്ളതിൽ എട്ടെണ്ണവും ഇടുക്കി ജില്ലയിൽ ആണ്. 2022 ജൂൺ 3–ന് വന്ന സുപ്രീം കോടതി വിധിയോടെ വന്യജീവി സങ്കേതങ്ങൾക്കും, ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ വായുദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ (ESZ) കൂടി പ്രഖ്യാപിക്കപ്പെടുന്നതോടെ ഇടുക്കിയിലെ ജനങ്ങളുടെ ദുരിതങ്ങൾ വീണ്ടും വർധിക്കും. അതിനും പുറമെ, കസ്തൂരിരംഗൻ റിപ്പോർട്ടിൽ പശ്ചിമഘട്ട പ്രദേശങ്ങളായി കണ്ടെത്തിയിട്ടുള്ള ജില്ലയിലെ 47 (ദേവികുളം താലൂക്കിലെ 12, പീരുമേട് 8, തൊടുപുഴ 4, ഉടുമ്പൻചോല 23) വില്ലേജുകളിൽകൂടി ദൂരഭാവിയിലല്ലാതെ ഇക്കോ സെൻസിറ്റീവ് ഏരിയ എന്ന പേരിൽ കടുത്ത നിയന്ത്രണങ്ങൾകൂടി അടിച്ചേൽപിക്കപ്പെടുമ്പോൾ, പൊറുതിമുട്ടി ജനങ്ങൾ

അഭയാർത്ഥികളെ പോലെ പലായനം ചെയ്യപ്പെടുമെന്നുള്ള വനംവകുപ്പിൻറ്റെ കണക്കുകൂട്ടലുകൾക്ക് അറിഞ്ഞോ, അറിയാതെയോ, ഒത്താശ ചെയ്യുന്നവരായി കക്ഷി വ്യത്യാസമില്ലാതെ ജില്ലയിലെ രാഷ്ട്രീയ നേതൃത്വം മാറുന്നു എന്നുള്ളത് രാഷ്ട്രീയ അപചയത്തിന്റെയും, ദീർഘവീക്ഷണമില്ലായ്മയുടേയും ഉദാഹരണമായി കണക്കാക്കാവുന്നതാണ്. അത്, തലമുറകളായി വഞ്ചിക്കപ്പെട്ട ഒരു ജനത തിരിച്ചറിയാതെ പോകുന്നു എന്നുള്ളത് ഏറെ ചർച്ച ചെയ്യപ്പെടേണ്ട വിഷയവും.

ചരിത്രം പരിശോധിച്ചാൽ, കേരളത്തിൽ നടന്നിട്ടുള്ള എല്ലാ കുടിയിരുത്തലുകളും കലാകാലങ്ങളിലുള്ള സർക്കാരുകളുടെ ആവശ്യപ്രകാരം, നട്ടെല്ലുണ്ടായിരുന്ന മലയോരകർഷകർ ജീവിത പ്രാരാബ്ധങ്ങളുടെ നടുവിലൂടെ, വന്യമൃഗങ്ങളെ വകവെക്കാതെ, അധികാരികളുടെ അപേക്ഷാനുസരണം ധീരമായി മുന്നോട്ടുവെച്ച ചുവടുവെപ്പുകളുടെയും, പലായനങ്ങളുടെയും, ചരിത്രമാണെന്നു കാണാൻ കഴിയും. അല്ലാതെ, ഇടുക്കിയിലേതടക്കം ഉള്ള കർഷകജനത ഇരുട്ടിൻറ്റെ മറവിൽ ഒളിച്ച് നടത്തിയിട്ടുള്ള കൈയേറ്റങ്ങൾ അല്ല ഇന്നീ കാണുന്നതൊന്നും.

ഈ കുടിയിരുത്തലുകൾക്കുമുണ്ട് ചരിത്രത്തിൻറെയും, ഉത്തരവുകളുടെയും പിൻബലങ്ങൾ. അത്തരം ഉത്തരവുകളുടെയും നിയമങ്ങളുടെയും നാൾ വഴികളാണ് ചുവടെ നൽകിയിരിക്കുന്നത്.

**ഉത്തരവുകളും, നിയമങ്ങളും**

**1818-ൽ** "റോയൽ പ്രൊക്ലമേഷൻ" വഴി ഗവണ്മെന്റിൻറെ അധീനതയിലുള്ള വനഭൂമിയിൽ കൃഷിചെയ്യുന്നവർക്ക് Tax – free ആക്കിക്കൊടുത്തു.

**1822 - ൽ** ഏലമലക്കാര്യങ്ങൾ വിഷയമാക്കിയ 'റോയൽ പ്രൊക്ലമേഷ'-നിലൂടെ തിരുവിതാംകൂർ റീജൻറ്റ് ആയിരുന്ന റാണി ഗൗരി പാർവതി ബായി, സന്നദ്ധരായ കർഷകരോട് ഹൈറേഞ്ചിൽ ഏലം കൃഷി ചെയ്യാനായി ആഹ്വാനം ചെയ്തു (നേര്യമംഗലം മുതൽ കമ്പം വരെ).

**1865-ലെ** Waste Land Rules, തിരുവിതാംകൂറിലെ Coffee അടക്കമുള്ള Plantation വിളകൾ പരിപോഷിപ്പിക്കുന്നതിനായി നിലവിൽ വരികയും, തുടർന്നുവന്ന 'Pattam Proclamation Act' വഴി, സർക്കാർ ഭൂമി കൈവശം വച്ചിരുന്നവർക്ക്, പൂർണ്ണ അവകാശം വിട്ടുകൊടുത്ത്, നാണ്യവിള കൃഷിയെ പരിപോഷിപ്പിക്കുകയും ചെയ്തു.

**1898-ലും 1902-ലും** ദിവാൻ കൃഷ്ണസ്വാമി റാവു തിരുവിതാംകൂർ സന്ദർശിക്കുകയും, കൃഷിക്കാർക്കായി പ്രത്യേക സാമ്പത്തിക പാക്കേജ്കൾ പ്രഖ്യാപിക്കുകയും, ഏലം കൃഷിക്കാർക്ക് സർക്കാർ അധീനതയിലുള്ള Waste-Land-ൻറ്റെ അവകാശം വിട്ടു കൊടുക്കുകയും ചെയ്തു.

**1934 - ൽ ഗവൺമെൻറ്, അതുവരെയുണ്ടായിട്ടുള്ള കുടിയേറ്റങ്ങൾ, ഹെക്ടറിന് 250/- രൂപാ നിരക്കിൽ പിഴ ഈടാക്കി റെഗുലറൈസ് ചെയ്തു.**

**1944-ൽ ഏലമലക്കാടുകൾ 12 വർഷത്തേക്ക് കുത്തകപ്പാട്ട വ്യവസ്ഥയിൽ വിട്ടുകൊടുക്കുകയും, പിന്നീടത് 1961 - ൽ കാലാവധി 20 വർഷമായി നീട്ടുകയും ചെയ്തു.**

**കഠിനാധ്വാനികളായനമ്മുടെ പൂർവ്വികരുടെ അധ്വാനഫലമായി ഭക്ഷ്യ ക്ഷാമം അവസാനിച്ച അറുപതുകളിൽ, കുടിയേറ്റങ്ങളെ ബോധപൂർവം കൈയ്യേറ്റങ്ങളായി ചിത്രീകരിക്കുകയും, സമ്മർദ്ദത്തെത്തുടർന്ന് കേരളസർക്കാർ പാട്ടവ്യവസ്ഥകൾ റദ്ദ് ചെയ്ത്, ഭൂമി തിരിച്ചു പിടിക്കാനുള്ള സാദ്ധ്യതകൾ തേടുകയും ചെയ്തു.**

**1975 ൽ അതിനായി ശ്രീ. കെ സി ശങ്കരനാരായണൻറ്റെ മേൽനോട്ടത്തിൽ ഒരു ഹൈലെവൽ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. കമ്മിറ്റിയുടെ ശുപാർശയാകട്ടെ, "പാട്ടം കൊടുത്തുപോയിട്ടുള്ള ഭൂമി തിരിച്ചുപിടിക്കാനാവില്ലന്നും, ഒന്നുകിൽ കാലാവധി 45 വർഷമായി പുതുക്കിക്കൊടുക്കുകയോ, അല്ലെങ്കിൽ നിലവിലെ കൈവശക്കാരന് പതിച്ചുകൊടുക്കുകയോ ചെയ്യണമെന്നായിരുന്നു".**

**ഏലമലക്കാടുകൾ പാട്ടത്തിനു കൊടുത്തിരുന്ന അതേകാലയളവിൽ തന്നെയാണ്, സർക്കാർ ഭക്ഷ്യധാന്യ ഉല്പാദനം പരിപോഷിപ്പിക്കുന്നതിനായി 'Grow More Food Scheam', 'Udumpanchola Colonization Scheme, ദേവികുളം, പീരുമേട് താലൂക്കുകൾ തമിഴ് നാടിൻറെ ഭാഗമായിപ്പോകാതിരിക്കുന്നതിനുള്ള 'Highrange Colonization Scheme' അടക്കമുള്ള മറ്റ് Colonization Scheme കൾ പഖ്യാപിച്ചത്. (ഇവിടങ്ങളിലെ തമിഴ് തോട്ടം തൊഴിലാളികളുടെ എണ്ണത്തെ മറികടക്കാൻ 20000 ഹെക്ടർ ഭൂമിയാണ് നിർബന്ധിത കുടിയിരുത്തലിനായി സർക്കാർ മാറ്റിവച്ചത്). എന്നുവരെയെന്ന് പരിധിനിശ്ചയിക്കാതെ നടപ്പിലാക്കിയ Colonization Scheme മുകളാണ് ഇന്ന് ഇടുക്കിയുടെ ഉറക്കം കെടുത്തിയിരിക്കുന്നത്. ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തിയതോടൊപ്പം, റബർ കൃഷി പരിപോഷിപ്പിക്കുന്നതിനായി സർക്കാർ 1956 - ൽ കൊണ്ടുവന്ന Comercial Platform Crops Promotion Scheme' കളും ഇടുക്കിയിലേക്കുള്ള കർഷകരുടെ കടന്നുവരവിനെ പ്രോത്സാഹിപ്പിച്ചു.**

**ഇതോടൊപ്പം തന്നെ മറുവശത്ത് വനസംരക്ഷണവും ഉറപ്പുവരുത്താൻ 1951-ൽ T.V. Venkateswara Iyer (Chief Conservator of Forests), ടെ മേൽനോട്ടത്തിൽ, സർക്കാർ ഒരു വിദഗ്ധ സമിതിയെയും (Anti-erosion Committee), ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ, സർക്കാർ ഓരോ മേഖലകളിലും വനഭൂമിയുടെ അതിർത്തി മാറ്റപ്പെടാതിരിക്കാൻ, അതാത് Range Officer-മാർ കൺവീനർമാരായും, തഹസിൽദാർ ചെയർമാനായും ഒരു Popular Committee-യേയും ചുമതലപ്പെടുത്തി.**

1961-ൽ K.P RADHAKRISHNAMENON-IAS അധ്യക്ഷനായി (Forest Preservation Committee), ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ കുടിയേറ്റം ഒഴിപ്പിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ ഹൈറേഞ്ച് അന്നുവരെ കണ്ടിട്ടില്ലാത്ത സമരമുറകൾക്ക് സാക്ഷ്യം വഹിച്ചു.

RADHAKRISHNAMENON കമ്മിറ്റി ശുപാർശകൾ നടപ്പാകാതെ വരികയും, കേരളത്തിൽ 'President's Rule' ആയിരിക്കുകയും ചെയ്തപ്പോൾ, കുടിയിരുത്തലുകളെയും, കൈയ്യേറ്റങ്ങളെയും വേർതിരിച്ചറിയുന്നതിനും, Idukki Project Area -യിലെ നിർബന്ധിത കുടിയിറക്കിനെക്കുറിച്ചു പഠിക്കുന്നതിനുമായി, ശ്രീ. മാത്യു മണിയങ്ങാടൻ അധ്യക്ഷനായി ഒരു സബ്-കമ്മിറ്റിയെ പാർലമെൻറ്റ് ചുമതലപ്പെടുത്തുകയും, കമ്മിറ്റി 1-1-1968-നു മുമ്പ് കൈവശം വെച്ചനുഭവിച്ചുപോരുന്ന, പാട്ടഭൂമിയടക്കമുള്ള എല്ലാ കുടിയേറ്റങ്ങളും 'Regularize' ചെയ്യണം എന്നു ശുപാർശ ചെയ്യുകയും ചെയ്തു. ആ ശുപാർശ അട്ടിമറിച്ചത് വനം വകുപ്പാണ്. ആ ശുപാർശകൾ പ്രായോഗികമായി നടപ്പാക്കിയിരുന്നെങ്കിൽ, കൈയ്യേറ്റം സംബന്ധിച്ച എല്ലാ വ്യവഹാരങ്ങളും അതോടെ തീരുമായിരുന്നു. കുടിയേറ്റ കർഷകർ അപമാനിതനായി ഇന്നും പ്രതിസ്ഥാനത്ത് നിൽക്കേണ്ടിവരില്ലായിരുന്നു.

## നടപടികളിലെ പാളിച്ചകൾ

ശ്രീ. മാത്യു മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സർക്കാർ Mr. Anandan Pillai യെ Special Officer ആയി നിയമിക്കുകയും, തുടർന്ന് വനമേഖലയിൽ 1,17,273 ഹെക്ടർ ഭൂമി 'Arable Land Scheme'-ൽ ഉൾപ്പെടുത്തി കർഷകർക്ക് പതിച്ചു കൊടുക്കാൻ കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. പക്ഷെ 1,17,273 ഹെക്ടറിൻറെ സ്ഥാനത്തു വെറും 15,071 ഹെക്ടർ മാത്രം Sanction ചെയ്യുകയും, അതിൽ പോലും വെറും 8,074 ഹെക്ടർ ഭൂമി മാത്രമാണ് വിവിധ പദ്ധതി പ്രദേശങ്ങളിൽനിന്നും കുടിയിറക്കപ്പെട്ടവർക്കും, വിമുക്ത ഭടന്മാർക്കും ഒക്കെയായി പതിച്ചുനൽകുകയും ചെയ്തത്. (ഇതിൽ തന്നെ 485 ഹെക്ടർ ഭൂമി Gwalior Rayons, Plantation Corporation തുടങ്ങിയ പ്രത്യേക പദ്ധതികൾക്കാണ് നൽകിയതും).

## ഭൂപരിഷ്കരണ നിയമത്തിൻറെ ആനുകൂല്യം ലഭിക്കാതെപോയവർ

ഭൂപരിഷ്കരണ നിയമത്തിൻറെ ചുവടുപിടിച്ച് നിലവിൽവന്ന Kerala Private Forest (Vesting and Assignment) Act of 1971, പ്രകാരം പിടിച്ചെടുത്ത ഭൂമി, ഭൂരഹിതർക്ക് വീതിച്ചു കൊടുക്കാനുള്ളതാണെന്ന് സുപ്രീം കോടതിയിൽ അടക്കം കേരള സർക്കാർ സത്യവാങ്മൂലം കൊടുത്തിട്ട്, നാളിതുവരെ എത്ര പേർക്ക് വീതിച്ചു കൊടുത്തു എന്ന യാഥാർഥ്യം പരിശോധിക്കേണ്ടതാണ്. കേരളത്തിൽ ഇന്ന് മൂന്നുലക്ഷത്തോളം ഭൂരഹിതർ,

കിടപ്പാടത്തിനായി അപേക്ഷ കൊടുത്തു കാത്തിരിക്കുകയാണ്. ഇത്തരത്തിൽ പിടിച്ചെടുക്കപ്പെട്ട ഭൂമി, സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഉറപ്പുകൊടുത്തിരുന്നതുപോലെ, ഇത്തരം ഭൂരഹിതർക്ക് നല്കപ്പെടേണ്ടതാണ്. ഭൂരഹിതരും പാവപ്പെട്ടവരുമായ അപേക്ഷകരൊക്കെയും സുപ്രീം കോടതിയിൽ നേരിട്ട് പോയി കോടതി അലക്ഷ്യത്തിന് കേസു കൊടുക്കാൻ കഴിവില്ലാത്തവരാണെന്ന തിരിച്ചറിവാണ് ബന്ധപ്പെട്ടവരുടെ അനാസ്ഥക്ക് പിൻബലം നൽകുന്നത്.

രണ്ടാം ലോക മഹായുദ്ധത്തിനുശേഷം സാംക്രമികരോഗങ്ങളും, കൊടുംപട്ടിണിയും, തിരുകൊച്ചിയെയും, മലബാറിനെയും കടന്നാക്രമിച്ചപ്പോൾ, പട്ടിണിമാറ്റാൻ സ്ത്രീകൾ വേശ്യാവൃത്തിയിൽ വരെ ഏർപ്പെടേണ്ടിവന്നപ്പോൾ, പട്ടിണി കിടന്നു ചാകാതിരിക്കാൻ പെൺമക്കളെ അന്ന്, താഴ്ന്ന ജാതിക്കാരനു പോലും കെട്ടിച്ചു കൊടുത്ത്, ചങ്കുപൊട്ടിച്ചത്ത മാതാപിതാക്കളുടെ ഗതികേടിൻറ്റെ മുമ്പിൽ, പട്ടിണിമാറ്റാൻ എവിടെ വേണേലും കൃഷിയിറക്കാൻ, ആഹ്വാനം ചെയ്തപേക്ഷിച്ച ഭരണാധികാരികളുടെ വാക്കിനെ വിശ്വസിച്ച്, കൊടുംവനത്തിലൂടെ, കാട്ടുമൃഗങ്ങളെയും സാംക്രമികരോഗങ്ങളെയും വെല്ലുവിളിച്ച്, കൈക്കുഞ്ഞുങ്ങളെ മാറോടുചേർത്ത്, ധീരമായി മുന്നോട്ടുവെച്ച പിൻ തലമുറയുടെ കാലടികളാണ് മലയോര കർഷകർക്ക് ഇന്നും പ്രചോദനം.

1971 Act- ലെ (Kerala Private Forest (Vesting and Assignment) Act of 1971) അപാകതകൾ പരിഹരിക്കാൻ. Shri T. Madhava Menon IAS നെ Special Officer ആയി സർക്കാർ ചുമതലപ്പെടുത്തി. ഒരു Vested Forest Committee ഫോം ചെയ്യുകയും, തുടർന്ന് തർക്കങ്ങൾ പരിഹരിക്കാൻ ചുമതലപ്പെടുത്തിയ മൂന്ന് Forest Tribunals പ്രാബല്യത്തിൽ വരുകയും, നിലവിലുള്ള Vested Forest-ൻറെ മൂന്നിലൊന്ന്, കൃഷിക്കായിവിട്ടുകൊടുക്കാൻ ശുപാർശ ചെയ്യുകയും ചെയ്തിരുന്നതാണ്. പക്ഷെ, നാളിതുവരെ അതൊന്നും നടപ്പിലാക്കാതിരുന്നത് ആരുടെയൊക്കെയോ, എന്തൊക്കെയോ, താത്പര്യങ്ങൾ സംരക്ഷിക്കാനായിരുന്നു എന്ന് ഇപ്പോൾ തോന്നിപ്പോകുന്നു.

1971 Act നിലവിൽ വരുമ്പോൾ നിലമ്പൂർ കോവിലകത്തിൻറ്റെ കൈയ്യിലിരുന്ന ഏക്കർ കണക്കിന് ഭൂമി, സർക്കാരിനു വിട്ടു നല്കാൻ സന്നദ്ധതയറിയിച്ചിട്ടും, ഏറ്റെടുക്കലിനെ പിടിച്ചടക്കലായി വരുത്തിത്തീർത്ത്, പ്രതിഫലം നല്കാതിരിക്കുകയാണ് ചെയ്തത്. അതെ സമയം, ഇതേ നിയമങ്ങൾ തന്നെ ബാധകമായിരുന്ന, തമിഴ്നാടിൻറെ പരിധിയിൽ വന്നിരുന്ന ശേഷിക്കുന്ന പ്രദേശങ്ങൾ, തമിഴ്നാട് സർക്കാർ വില കൊടുത്തു വാങ്ങുകയും ചെയ്തു. ഈ ഇരട്ടത്താപ്പ്, കേരളത്തിൽ ഈ നിയമം നടപ്പിലാക്കിയവരുടെ സംശുദ്ധതയെ അന്ന് ചോദ്യം ചെയ്യലിന് വിധേയമാക്കിയിരുന്നു.

## ന്യായീകരണങ്ങളില്ലാത്ത തടസ്സവാദങ്ങളും, നീതിപീഠത്തോടുള്ള വെല്ലുവിളിയും.

കേരളത്തിലെ പാർശ്വവത്കരിക്കപ്പെട്ട കർഷകസമൂഹം നെഞ്ചിലേറ്റിയ ഒരു സുപ്രീം കോടതി വിധിയുണ്ട്. Civil Appeal No. 2116/2000 (Nature Lovers Vs State of Kerala)-കേസിൽ Justice. G.S Singhvi 2009 മാർച്ച് 20-ന് തൻറെ സുപ്രധാനമായ വിധിന്യായത്തിൽ വ്യക്തമാക്കി, "കേന്ദ്ര വന-നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് (25-10-1980-നു മുമ്പ്) സംസ്ഥാന സർക്കാർ വനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള എല്ലാ തീരുമാനങ്ങളും, കേന്ദ്ര വന നിയമത്തിൻറെ പരിധിയിൽ വരുന്നതല്ലെന്നും, 1973-ൽ ഇതുമായി ബന്ധപ്പെട്ടെടുത്തിട്ടുള്ള ഉത്തരവുകൾ സർക്കാരിന് നടപ്പാക്കാം", എന്നു വിധിച്ചെങ്കിലും, ചിലകേസുകളിൽ വനം വകുപ്പിന് ഈ വിധി ബാധകമല്ലന്നുള്ള നിലപാടാണ്. ഇതിൻറ്റെയൊക്കെ വെളിച്ചത്തിൽ കുടിയേറ്റത്തിൻറ്റെ നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്ന ഇടുക്കി ജില്ലയിലെ ഒട്ടുമിക്ക ഭൂമിക്കും പട്ടയം അനുവദിക്കാമെന്നിരിക്കെ കൊടുക്കാതിരിക്കുന്നതിനും, ഇഷ്ടക്കാർക്കുമാത്രം കൊടുക്കുന്നതിനുമുള്ള ന്യായങ്ങൾ അന്വേഷിക്കുകയാണ് അധികാരികൾ.

1964-ലെ Rules നിലവിൽ വന്നപ്പോൾ അന്ന് ഭൂമിയെ സംബന്ധിക്കുന്ന ആധികാരികരേഖയായി പരിഗണിച്ചിരുന്നത് 1930-കളിൽ തയ്യാറാക്കിയ 'സെറ്റിൽമെൻറ്റ് രജിസ്റ്റർ' ആയിരുന്നു. അതായത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുള്ള ഒരു 'Land Reord' രേഖയാണ് വനം വകുപ്പ് ആധികാരിക രേഖയായി പരിഗണിക്കുന്നതെങ്കിൽ, എന്തുകൊണ്ട് അന്നത്തെ മറ്റു നിയമങ്ങൾ അംഗീകരിക്കാതെ പോകുന്നു എന്ന വസ്തുത വനം വകുപ്പിന്റെ സ്ഥാപിത താല്പര്യങ്ങളുടെ നേർക്ക് സംശയത്തിന്റെ വിരൽ ചൂണ്ടുന്നു.

## പാഴായിപ്പോയ സർക്കാർ തീരുമാനം

സ.ഉ (സാധാ) നമ്പർ 476/ 2019 റവ dt. 08-02-2019-ൽ പറയുന്നത് ഇങ്ങനെയാണ്: "സംസ്ഥാനത്ത് ഇനിയും സംയുക്ത പരിശോധന കഴിയാത്ത ജില്ലകൾ ഉണ്ടങ്കിൽ, അവിടെ സംയുക്തപരിശോധന, 31-03-2019-നു മുമ്പ് പൂർത്തിയാക്കി, കേന്ദ്രസർക്കാരിൻറെ അനുമതിക്കായി അയക്കുന്നതിനും, സംയുക്ത പരിശോധന പൂർണ്ണമായി കഴിയാത്ത ജില്ലകളിൽ, അതിൻറെ വിശദാംശങ്ങൾ 28-02-2019-നു മുമ്പ് കേന്ദ്രനുമതിക്കായി അപ് ലോഡ് ചെയ്ത്, ആയത് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനും, സംയുക്ത പരിശോധന കഴിഞ്ഞതും, കേന്ദ്ര സർക്കാരിൻറ്റെ അനുമതി ലഭിച്ചതുമായ 28000-ൽ പരം ഹെക്ടർ ഭൂമിയിൽ, ഇനി വിതരണംചെയ്യാനുള്ള ഭൂമി, അടുത്ത ആറ് മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കാൻ കഴിയാത്ത ഏതെങ്കിലും കാരണങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ, ആയത് ഉടനടി സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി, അതാത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതും, നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കി, തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്."

ഈ ഉത്തരവിന്മേൽ റെവന്യു-വനം വകുപ്പുകൾ എന്തു നടപടികൾ ആണ് സ്വീകരിച്ചത് എന്നറിയാൻ ഇവിടുത്തെ കർഷക സമൂഹത്തിന് അവകാശമുണ്ട്. കാരണം, തരിശായി കിടന്നിരുന്ന മൊട്ടക്കുന്നുകളെ പച്ചപുതപ്പിച്ചത് തങ്ങളുടെ അധ്വാനത്തിൻറ്റെ ഫലമാണ് എന്നവർ തിരിച്ചറിയുന്നു, അതോടൊപ്പം അവരുടെ സ്വപ്നങ്ങൾ തല്ലിക്കെടുത്തുന്നത് ആരാണെന്നുകൂടി അറിയണം. "ഒരോഫയലുകളും ഓരോ ജീവിതങ്ങളാണെന്ന്" നമ്മുടെ ബഹു. മുഖ്യമന്ത്രി പറഞ്ഞിരുന്നില്ലേ, ആ ജീവിതങ്ങളെ ചുരുട്ടി കൊട്ടയിലെറിയുമ്പോൾ ഒന്നോർക്കണം, മാസാമാസം കുടുംബം പുലർത്താനായി, ശമ്പളയിനത്തിലും പെൻഷൻ ഇനത്തിലും നിങ്ങളുടെ അക്കൗണ്ടിൽ സർക്കാർ നിക്ഷേപിക്കുന്ന പണത്തിൽ, ഈ പാവം കർഷകൻറെ അധ്വാനത്തിൻറെ ഓഹരിയുണ്ട്, അതിന് അവന്റെ വിയർപ്പിന്റെ മണമുണ്ട്. കൂടാതെ, നിങ്ങൾക്ക് പെൻഷൻ തരാൻ ഉത്തരവാദപ്പെട്ട ഒരു തലമുറയെ പൊറ്റിവളർത്തേണ്ട ഉത്തരവാദിത്വവും നിങ്ങൾ ഞങ്ങളെയാണല്ലോ ഏല്പിച്ചിരിക്കുന്നത്.

## ഉപസംഹാരം

1822 ഏപ്രിൽ 29-ന് നേര്യമംഗലം മുതൽ കമ്പം വരെ ഏലക്കാടുകൾ നട്ടുപിടിപ്പിക്കുന്നതിനായി റാണി ഗൗരി പാർവതി ബായി ഇറക്കിയ "തിരുവെഴുത്തു വിളമ്പരം" നിങ്ങൾ വായിച്ചിട്ടുണ്ടോ, "അവർക്കു (കർഷർക്ക്) വേണ്ടുന്ന വസ്തുക്കൾക്ക്, ദൂരദേശങ്ങളിൽ ചെന്ന് ബുദ്ധിമുട്ടി വാങ്ങിച്ചുകൊണ്ടു വരുവാൻ ആവശ്യമില്ലായ്കകൊണ്ട്, ആയതിനു മേലെഴുതിയ പ്രകാരം, കച്ചവടക്കാരെ ആക്കി, അവർക്കു വേണ്ടുന്ന അരി, ജൗളി, ഉപ്പ്, കറുപ്പ്, കഞ്ചാ മുതലായ സകലമാന വസ്തുക്കളും, ഒട്ടും മുടക്കം കൂടാതെ, കൊടുക്കത്തക്കവണ്ണം, ചട്ടം കെട്ടിയിരിക്കുന്നതാകകൊണ്ട്, അതിൽ എന്തെങ്കിലും കുറവുവന്നു എങ്കിൽ, ഉടൻതന്നെ തഹസിൽദാർ മുതൽ പേരെ ബോധിപ്പിച്ചാൽ, ഒരുവകക്കും കുറവുവരാതെ, അയാളുകൾ വിചാരിച്ചും ചട്ടം കെട്ടുകയും ചെയ്യും" പുതിയ ഭരണാധികാരികളായ നിങ്ങൾ, ഞങ്ങൾക്ക് കറുപ്പും, കഞ്ചാവും എത്തിച്ചുതരേണ്ട. ന്യായമായ അവകാശങ്ങൾ നിഷേധിക്കാതിരുന്നാൽ മാത്രം മതി.

1881 മുതൽ 1885 വരെ തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ ഭരണാധികാരിയായിരുന്ന 'വിശാഖം തിരുനാൾ രാമവർമ്മ' യോട്, അന്നത്തെ ബ്രിട്ടീഷ് വൈസ്രോയി 999 വർഷത്തേക്കുള്ള മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പിടാൻ നിർബന്ധിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ ഹൃദയസ്പർശിയായ ഒരു വാക്യമുണ്ട്

"എൻറെ ഹൃദയരക്തത്തിൽ മുക്കിയേ ഞാൻ ഈ കരാറിൽ ഒപ്പിടൂ." അധികാരക്കസേരയിൽ നിന്ന് ഇറങ്ങുന്നതുവരെ അദ്ദേഹം ആ കരാറിൽ ഒപ്പിട്ടില്ല., ദേശസ്നേഹിയായ ആ മഹാരാജാവിൻറെ ഹൃദയവിശാലത, നിങ്ങൾ, കാണിക്കണ്ട പകരം,

**“ഞങ്ങളുടെ ഹൃദയരക്തത്തിൽ മുക്കി നിങ്ങൾ ഒന്നിലും ഒപ്പിടില്ലായെന്ന് തീരുമാനിച്ചാൽ മാത്രം മതി”, ‘അന്നം മുടക്കുന്ന നിലപാടുകൾ സ്വീകരിക്കാതിരുന്നാൽ മതി.**

**‘ദുഷിച്ച ജനാധിപത്യം, അരാജകത്വമാണെന്ന്’ നമ്മുടെ ഭരണഘടനാ ശിൽപികൾ ഭയപ്പെട്ടത് സംഭവിക്കാതിരുന്നിരുന്നെങ്കിൽ എന്ന് അറിയാതെയാണെങ്കിലും ആശിച്ചുപോവുകയാണ്.**

KERALA INDEPENDENT FARMERS ASSOCIATION
KIFA